**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **29-07-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. ഫൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തെ ജി.എസ്.ടി. കണക്കുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി എന്നാണെന്ന് അറിയിക്കുമോ; | (എ) | ഏപ്രിൽ മാസത്തെ പ്രതിമാസ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 20-ഉം ഏപ്രിൽ മാസം അവസാനിക്കുന്ന പാദവാർഷിക റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 22-ഉം ആയിരുന്നു. |
| (ബി) | നിശ്ചിത തീയതിക്കകം റിട്ടേൺ സമർപ്പിക്കാത്തവർ കാലതാമസം വരുത്തിയ ഓരോ ദിവസത്തിനും ഫൈൻ അടയ്ക്കേണ്ടതുണ്ടോ; എങ്കിൽ എത്ര രൂപ നിരക്കിലാണ് അടക്കേണ്ടത്; വിശദാംശം നൽകുമോ; | (ബി) | നിശ്ചിത തീയതിക്കകം റിട്ടേൺ സമർപ്പിക്കാത്തവർ കാലതാമസം വരുത്തിയ ഓരോ ദിവസത്തിനും ലേറ്റ് ഫീ അടയ്ക്കേണ്ടതുണ്ട്. ഇത്തരക്കാർക്ക് പ്രതിദിനം 50 രൂപയും (Rs.25 CGST & Rs.25 SGST) നിൽ റിട്ടേൺ (വിറ്റുവരവ് ഇല്ലാത്തവർ) സമർപ്പിക്കുന്നവർക്ക് പ്രതിദിനം 20 രൂപയും (Rs.10 CGST & Rs.10 SGST) ലേറ്റ് ഫീ ബാധകമാണ്. |
| (സി) | കോവിഡ് സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിയന്ത്രണങ്ങൾ നിലനിൽക്കെ ജി.എസ്.ടി. ഇനത്തിലും ഫൈൻ ഇനത്തിലും വൻ തുകകൾ അടയ്ക്കേണ്ടി വരുന്നത് വ്യാപാരികളെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സമ്മർദ്ദത്തിലുമാക്കുമെന്ന് കരുതുന്നുണ്ടോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടി രൂപ വരെ വിറ്റുവരവ് ഉള്ളവർക്ക് മാർച്ച് മാസത്തെ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വരുത്തിയാൽ, റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിന്നും 60 ദിവസത്തേക്കും ഏപ്രിൽ മാസത്തെ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വരുത്തിയാൽ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിന്നും 45 ദിവസത്തേക്കും മെയ് മാസത്തെ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വരുത്തിയാൽ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിന്നും 30 ദിവസത്തേക്കും ലേറ്റ് ഫീ ഒഴിവാക്കിനൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവ് ഉള്ളവർക്ക് മാർച്ച്, ഏപ്രിൽ, മെയ് മാസത്തെ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വരുത്തിയവർക്ക് റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിന്നും 30 ദിവസത്തേക്കും ലേറ്റ് ഫീ ഒഴിവാക്കിനൽകിയിട്ടുണ്ട്. |
| (ഡി) | വ്യാപാര പ്രവർത്തനങ്ങളിൽ | (ഡി) | ചരക്കുസേവന നികുതിയിൽ ഇളവുകൾ |

| | | | |
|---|---|---|---|
| | നിയന്ത്രണങ്ങളുള്ളപ്പോഴും കെട്ടിട വാടക, ഇലക്ട്രിസിറ്റി, ലോൺ തിരിച്ചടവ് തുടങ്ങിയവയിലൊന്നും ഇളവുകൾ ലഭ്യമാക്കാത്തതിരിക്കുന്ന സാഹചര്യത്തിൽ സ്റ്റേറ്റ് ജി.എസ്.ടി. യിലും ഫൈനിലും ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ? | | നൽകുന്നതിന് ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശയോടെ മാത്രമെ കഴിയുകയുള്ളൂ. സംസ്ഥാനത്തിന് മാത്രമായി തീരുമാനം കൈക്കൊള്ളാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ